മുഖ്യമന്ത്രിയുടെ പ്രസ്താവന

* 22. [36] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർ ആയുധമെടുത്തു് വിപ്ലവം നടത്തുമെന്നു് മുഖ്യമന്ത്രി 1969 ഫെബ്രുവരി 26-ാം തീയതി ആലപ്പുഴവച്ചു് പ്രസംഗിക്കുകയുണ്ടായോ ?

മുഖ്യമന്ത്രി (ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

ഇല്ല.

ലോട്ടറിയിൽനിന്നും ആദായം

* 23 [38] ശ്രീ. ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറീസു് ഡിപ്പാർട്ടുമെന്റു് ഇതുവരെ നടത്തിയ എല്ലാ ലോട്ടറികളിൽനിന്നുമായി ഗവണ്മെന്റിനു് എത്തു് ആദായം കിട്ടിയിട്ടുണ്ടു് ;

(ബി) ഇതുവരെ നടത്തിയിട്ടുള്ള ഓരോ ലോട്ടറിയിൽനിന്നും കിട്ടിയ ആദായത്തിന്റെ സംഖ്യ വെവ്വേറെ വ്യക്തമാക്കാൻ ദയവുണ്ടാകുമോ ;

മുഖ്യമന്ത്രി (ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട് :)

(എ) ലോട്ടറീസു് ഡിപ്പാർട്ടുമെന്റു് ഇതുവരെ നടത്തിയ മാഗ്യക്കുറികളിൽനിന്നും റുപ്പീസു് 2,18,44,820 (രണ്ടുകോടി പതിനെട്ടലക്ഷത്തി നാല്പത്തി നാലായിരത്തി എണ്ണൂറ്റി ഇരുപതു് രൂപ) ആദായം ലഭിച്ചിട്ടുണ്ടു്.

(ബി)

ലോട്ടറി നമ്പർ	ആദായം രൂപ
1	7,02,950
2	7,33 913
3	10,16,080
4	11,54,027
5	17,06,005
6	25,92,988
7	27,70,128
8	27,73,488
9	29,34,026
10	19,79,259
11	13,88,754
12	20,93,202
ആകെ	2,18,44,820

മറ്റു സ്റ്റേറ്റുകളിൽ ഉദ്യോഗത്തിലിരിക്കുന്ന കേരളീയർ

* 24 [40] ശ്രീ എം. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സ്റ്റേറ്റുകളിൽ ഉദ്യോഗത്തിലിരിക്കുന്ന എത്ര കേരളീയരിൽനിന്നും ഈ സംസ്ഥാനത്തിലേക്കു് വരാൻ അപേക്ഷ കിട്ടിയിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റു സംസ്ഥാന ഗവണ്മെൻറിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ ഈ ഗവണ്മെൻറിന്റെ കീഴിൽ വരാൻ ആഗ്രഹിക്കുന്നെങ്കിൽ അതിനു് അവരെ സഹായിക്കാൻ ഈ ഗവണ്മെൻറിനു് പദ്ധതിയുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) 1967, 68, 69 എന്നീ കൊല്ലങ്ങളിൽ 66 അപേക്ഷകരം കിട്ടിയിട്ടുണ്ടു്.

(ബി) മദ്രാസു്, മൈസൂർ എന്നീ ഗവണ്മെൻറിൽ ജോലിനോക്കുന്ന മലയാളി ഉദ്യോഗസ്ഥന്മാർ അതേതസ്തികകളിൽ ജോലി നോക്കുന്ന കേരളത്തിലെ ഉദ്യോഗസ്ഥന്മാരുമായി പരസ്പരാടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനു് അപേക്ഷിക്കുന്നപക്ഷം സ്ഥലംമാറ്റം അനുവദിക്കുന്നതിനു് വ്യവസ്ഥയുണ്ടു്. പരസ്പരാടിസ്ഥാനത്തിലല്ലാതുള്ള മാറ്റങ്ങളും ചട്ടപ്രകാരം അനുവദനീയമല്ല.

പോലീസ് വകുപ്പിൽ ഭരണപരിഷ്ക്കാരം

* 25. [42] ശ്രീ. ഇ. അഹമ്മദു് : താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഈയ്യിടെ വല്ല ഭരണപരിഷ്ക്കാരവും വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എന്തെല്ലാമാണു് ;

(സി) ഇതുമൂലം ഭരണച്ചെലവു് ഏതെങ്കിലും രീതിയിൽ വർദ്ധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രതിവർഷം എത്ര സംഖ്യ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) ഇല്ല. എന്നാൽ ഭരണം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ട നടപടികളും ആവശ്യാനുസരണം എടുത്തുവരുന്നുണ്ടു്.

(ബി, (സി) ആൻറു് (ഡി) ചോദ്യം (എ) യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

എ ഇ. ഒ. ഡി. ഇ. ഓ. ആഫീസുകളുടെ പുനഃസംഘടന

* 26. [46] ശ്രീ. എ. കെ. അപ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. ഇ. ഓ., ഡി. ഇ. ഒ. ആഫീസുകളുടെ പുനഃസംഘടന എന്നു മുതൽ നടപ്പാക്കാനാണു് ഉദ്ദേശിക്കുന്നതു് ;

(ബി) ഇതോടൊപ്പംതന്നെ ആർ. ഡി. ഡി. ആഫീസുകളും നിറുത്തലാക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ, സി. എച്ചു് മുഹമ്മദുകോയ) :

(എ) തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

(ബി) ഡിപ്പാർട്ടുമെൻറിൻറെ പുനഃസംഘടനയെപ്പറ്റി അവസാന തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് ഇക്കാര്യത്തെപ്പറ്റി ഇപ്പോൾ ഖണ്ഡിതമായി പറയാൻ നിവൃത്തിയില്ല.

UNSTARRED QUESTIONS AND ANSWERS

ടെയിനിംഗ് ലഭിക്കാത്ത അദ്ധ്യാപകർ

1. [1] ശ്രീ. എസു്. മുഹമ്മദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറു് എപ്രൈമറി സ്കൂളുകളിൽ ടെയിനിംഗ് ലഭിക്കാത്തവരെ അദ്ധ്യാപകരായി നിയമിക്കുന്ന പതിവു് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly